**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** **03-08-2021 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് കോളേജുകളിലെ നൈപുണ്യ ശേഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എച്ച്. സലാം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഉള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുകയെന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലക്ഷ്യത്തിനനുസരിച്ച് നൈപുണ്യ ശേഷിയുള്ളവരെ സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സാധ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചിരുന്നോ; | (എ) | ടെക്ക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാം (TEQIP -II) - ൻറെ ഭാഗമായിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നൈപുണ്യശേഷി വികസനത്തിനായി വിദ്യാർഥികൾക്ക് കോഴ്സുകളിൽ പങ്കെടുക്കാനും വിദഗ്ധരിൽ നിന്നും അറിവ് ലഭ്യമാക്കുന്നതിനുമുള്ള സാഹചര്യം നിലവിലുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇൻറർനെറ്റ് കണക്ടിവിറ്റിയോടും കൂടി ടെക്നോളജി ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഇത്തരത്തിലുള്ള 35 യൂണിറ്റുകളും 12 പ്രീ ഇൻക്യൂബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 19 യൂണിറ്റുകൾ Gestation period പൂർത്തിയാക്കിയിട്ടുണ്ട്. SIDBI- യുടെ 'സ്വാവലംബൻ ചെയർ' പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായം തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് ലഭിച്ചിട്ടുണ്ട് (153 കോടി രൂപ). മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. |
| (ബി) | കോഴ്സുകൾ വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ളവ ആക്കുന്നതിനും വ്യവസായവുമായി ആശയ വിനിമയം നടത്തുന്നതിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് സംവിധാനം ഉണ്ടോ; | (ബി) | ഉണ്ട്. ഡോ. എ. പി. ജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലുള്ള Industry Academic Coordinator പല സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ആവശ്യകതക്കനുസരിച്ചുള്ള Minor Programs/Electives കരിക്കുലത്തിന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | തൊഴിൽ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികൾക്ക് തൊഴിൽ കണ്ടെത്താനുള്ള നവീകരണം ഉറപ്പാക്കാൻ പ്രമുഖ കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. തൊഴിൽ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് നവീകരണം ഉറപ്പാക്കാൻ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ പ്രമുഖ കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ